പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4642 — 27.06.2014-ലെ മറുപടിക്ക്

## ആസൂത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) മിഷൻ 676 ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വാർഷിക പദ്ധതികളും പദ്ധതി നിർദ്ദേശവും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2015-16 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിൽ ഓൺ ലൈനായി സ്വീകരിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ മിഷൻ 676 ന്റെ ഭാഗമായി ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം ഭരണ നിർവ്വഹണത്തിൽ ലഭ്യമാക്കുകയും അതുവഴി ഭരണം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് എന്ന സംസ്ഥാന സർക്കാർ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ